"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമഭവന പദ്ധതി (1999-2000) ഗുണഭോക്താവായ ശ്രീ.സി.അനീശൻ എന്നയാൾ ഭവന നിർമ്മാണത്തിന് കൈപ്പറ്റിയ 15,000/- രൂപ പലിശ ഒഴിവാക്കി തിരിച്ചടയ്ക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.283/2024/F&P തീയതി,തിരുവനന്തപുരം, 12-06-2024

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 03/04/2021, 29/12/2022 തീയതികളിലെ DFTVM/577/2021-N1 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ശ്രീ.സി.അനീശൻ, ചേരുവാക്കോടൻ ഹൗസ്, അശോകമന്ദിരം, അഴീക്കൽ, കണ്ണൂർ എന്നയാൾ 1999-2000 ലെ ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമഭവന പദ്ധതി പ്രകാരം ഒന്നാം ഗഡു തുകയായ 15000 രൂപ കൈപ്പറ്റിയതായും ഹൃദയ സംബന്ധമായ അസുഖം കാരണം വീട് പണി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും കൈപ്പറ്റിയ തുക പലിശ ഒഴിവാക്കി തിരിച്ചടച്ച് ആധാരം തിരികെ നൽകുന്നതിന് അനുമതി നൽകണമെന്നും ഫിഷറീസ് ഡയറക്ടർ മേൽ പരാമർശം പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമഭവന പദ്ധതി (1999-2000) ഗുണഭോക്താവായ ശ്രീ.സി.അനീശൻ, ചേരുവാക്കോടൻ ഹൗസ്, അശോകമന്ദിരം, അഴീക്കൽ, കണ്ണൂർ എന്നയാൾ ഭവന നിർമ്മാണത്തിന് കൈപ്പറ്റിയ 15,000/- രൂപ മാനുഷിക പരിഗണന നൽകി പലിശ ഒഴിവാക്കി തിരിച്ചടച്ച് ആധാരം തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K S SRINIVAS**

പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ

വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
സെക്ഷൻ ഓഫീസർ
Date: 13-06-2024 15:05:30